**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2366** | **13-09-2023 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ ബാധിതയുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ രോഗിയായ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി സുധ ഇ.പി. അനുതാപാർഹമായ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് നൽകിയ അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ അറ്റന്റന്റ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.സുധ ഇ.പി. അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ 17/12/2021 ലെ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ3/24539/2021 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിരുന്നുവെങ്കിലും പിന്നീട് ടിയാൾക്ക് ആശുപത്രി അറ്റന്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച സാഹചര്യത്തിൽ 23/08/2022 തീയതിയിലെ ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ടിന്റെ എ-494/22 നമ്പർ കത്ത് മുഖേന ടിയാൾക്ക് ഉടൻ തന്നെ നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ സാധ്യതയുള്ളതിനാൽ ടിയാൾ ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തിരുന്ന സമയത്ത് സമർപ്പിച്ച അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ റദ്ദ് ചെയ്യണമെന്ന് അപേക്ഷിച്ച സാഹചര്യത്തിൽ ടിയാളെ 2022 വർഷത്തിലെ അറ്റന്റന്റ് ഗ്രേഡ് II തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുകയുണ്ടായി. എന്നാൽ ടിയാൾക്ക് നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും തുടർന്ന് 13/10/2022 തീയതിയിലെ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ3/24539/2022 നമ്പർ കത്ത് പ്രകാരം നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള പുതിയ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. 2023 വർഷത്തിലെ നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ നിലവിലെ ചട്ടപ്രകാരം ശ്രീമതി.സുധ ഇ.പി.യുടെ അപേക്ഷ പരിഗണിക്കുന്നതാണ്. |
| (ബി) | അന്തർജില്ലാ സ്ഥലം മാറ്റത്തിന് നൽകിയ | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | അപേക്ഷയിൽ രണ്ട് വർഷത്തിന് ശേഷവും തീരുമാനമുണ്ടാകാത്തത് അപേക്ഷകയുടെ ചികിത്സയെ ബാധിക്കുന്നതിനാൽ പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തരമായി തീരുമാനമെടുക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകാമോ; | | |
| (സി) | പ്രസ്തുത അപേക്ഷയിൽ അടിയന്തര പ്രാധാന്യത്തോടെ തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ